എൻ.എം(ബി)1/13219/2017/ഡി.പി.ഐ

2836

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 04-03-2017

സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതി - സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണത്തിന് ആവശ്യമായ പച്ചക്കറികളും പഴങ്ങളും ഹോർട്ടികോർപ്പിൽ നിന്നും വാങ്ങുന്നത് - സംബന്ധിച്ച്.

സൂചന:- സംസ്ഥാന കൃഷി വകുപ്പ് ഡയറക്ടറുടെ 13/2/2017 ലെ 3179/പി/16/എച്ച്.പി.ഡി.സി നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ കർഷകരിൽ നിന്നും കർഷക കൂട്ടായ്മകളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികളും പഴങ്ങളും ഇടനിലക്കാരില്ലാതെ പൊതു വിപണിയിലും കുറഞ്ഞ വിലയ്ക്ക് നൽകുന്ന സർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പിൽ നിന്നും സംസ്ഥാനത്തെ ഗവൺമെന്റ് സ്ഥാപനങ്ങൾ അവർക്കാവശ്യമായ പഴങ്ങളും പച്ചക്കറികളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കൃഷി വകുപ്പ് ഡയറക്ടർ സൂചന (1) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

D3

സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിക്കാവശ്യമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാന ഗവൺമെന്റ് സ്ഥാപനമായ ഹോർട്ടികോർപ്പിൽ നിന്നും വാങ്ങുന്നത് കുട്ടികൾക്ക് ഗുണകരമാകുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ വിതരണത്തിന് സ്കൂളുകളിൽ ഉപയോഗിക്കുന്ന പഴങ്ങളും പച്ചക്കറികളും സ്കൂളുകളുടെ സമീപമുള്ള ഹോർട്ടികോർപ്പിന്റെ സ്ഥാപനങ്ങളിൽ നിന്നു തന്നെ വാങ്ങുന്നതിനാവശ്യമായ നടപടികൾ എല്ലാ ഹെഡ്മാസ്റ്റർമാരും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഹോർട്ടികോർപ്പിൽ നിന്നും ഇവ ലഭ്യമാക്കാൻ സാധിക്കാത്ത സ്കൂളുകൾ നിലവിലെ രീതി തന്നെ തുടരേണ്ടതാണ്.

4/3/17

സി. നിർമ്മല
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(നൂൺമീൽ) ഇൻചാർജ്ജ്
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ പ്രഥമാദ്ധ്യാപകർക്കും } ജില്ലാ വിദ്യാഭ്യാസ ഓഫീസർ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന

D3 14/03/17

പുറത്തെഴുത്ത് കത്ത് നം. ഡി3/6713/16 തീയതി /3/17

സർക്കുലറിന്റെ പകർപ്പ് എല്ലാ എച്ച്.എം മാർക്കും നൽകുന്നു. സ്കൂളുകളിൽ പച്ചക്കറികളും പഴങ്ങളും സമീപമുള്ള ഹോർട്ടികോർപ്പിൽ നിന്നും വാങ്ങണമെന്ന നിർദ്ദേശം എല്ലാ പ്രധമാദ്ധ്യാപകർക്കും നൽകണമെന്നറിയിക്കുന്നു.

Anith
4.3.17